# The Malankara Orthodox Syrian Church

**Mar Geevarghese Coorilos**

Metropolitan, Diocese of Bombay

BOMBAY ORTHODOX CHURCH CENTRE
DR. MAR THEOPHILUS MARG,
SECTOR 10-A, VASHI
NAVI MUMBAI 400 703, INDIA.

TEL.: +91 22 2780 1427
FAX : +91 22 2765 0876
MOB: +91 9820333379
EMAIL : bombayaramana@gmail.com


MALANKARA ORTHODOX SYRIAN CHURCH * GEEVARGHESE MAR COORILOS * METROPOLITAN * DIOCESE OF BOMBAY

**No. 61/2020**

**നമുക്കേത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ബോംബെ ഭദ്രാസനത്തിലെ എല്ലാ പള്ളികളിലേയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടെ കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.**

**കർത്താവിൽ പ്രിയരെ,**

**ലോകമൊക്കെയും കോവിഡ്–19 എന്ന മഹാമാരിയുടെ പിടിയിലമർന്നു കഴിയുകയാണല്ലോ. ബോംബെ ഭദ്രാസനത്തെ സംബന്ധിച്ച് ഇന്ത്യയിൽ ഈ മഹാവ്യാധി ഏറ്റവും അധികം വ്യാപിച്ചുകൊണ്ടിരിക്കുന്ന മഹാരാഷ്ട്രയിലെ ബോംബെ, പൂനാ എന്നീ പട്ടണങ്ങളും ഗുജറാത്തിലെ ചില പ്രദേശങ്ങളും ഇന്ത്യയ്ക്കു വെളിയിൽ വളരെയധികം വ്യാപിക്കുന്ന ബഹ്റൈൻ, ഖത്തർ എന്നീ പ്രദേശങ്ങളും നമ്മുടെ ഭദ്രാസനത്തിന്റെ പരിധിയിൽപ്പെടുന്ന സ്ഥലങ്ങൾ ആണല്ലോ. ആയതിനാൽ നാമേവരും വലിയ പ്രതിസന്ധിയിൽ കൂടെയാണു കടന്നുപോകുന്നത് എന്നതിനു തർക്കമില്ല. ആത്മീയവും, ശാരീരികവും, മാനസികവും, സാമ്പത്തികവുമായ നിരവധി വിഷയങ്ങളെ മറികടക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ എന്ന് മുട്ടിപ്പായി പ്രാർത്ഥിക്കുന്നു.**

**ലോകം മുഴുവൻ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ പ്രതിസന്ധിയ്ക്ക് നമ്മളാൽ ആവത് സഹായസഹകരണങ്ങൾ പകർന്നുനൽകുവാൻ നമുക്ക് ഇടയാകണം. ദേവാലയങ്ങളിൽ ഒന്നിച്ചുകൂടി ദൈവാരാധന നടത്തിയിരുന്ന നാം ഇപ്പോൾ അവരവരുടെ ഭവനങ്ങളിൽ ഒതുങ്ങിക്കൂടുവാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നു. ആരാധനയും, പ്രാർത്ഥനകളും, ധ്യാനങ്ങളുമെല്ലാം മാദ്ധ്യമങ്ങളിൽ കൂടി നമുക്ക് ലഭിക്കുകയും അതിൽ ഏവരും പങ്കാളികൾ ആകുകയും ചെയ്യുന്നു എന്നത് ഏറെ ആശ്വാസകരമാണ്. നാം സാമൂഹിക അകലം പാലിക്കുന്നതിനോടൊപ്പം പരസ്പരം ആവശ്യമായിരിക്കുന്ന ഹൃദയബന്ധം കാത്തുസൂക്ഷിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യേണ്ടത് ഇന്നിന്റെ അനിവാര്യതയാണ്. നമ്മുടെ എല്ലാ ദേവാലയങ്ങളിലും ബഹുമാനപ്പെട്ട വൈദീകരും, മാനേജിംഗ് കമ്മിറ്റി അംഗങ്ങളും, ആദ്ധ്യാത്മീകപ്രവർത്തകരും അതാത് ഇടവകകളിലെ എല്ലാ അംഗങ്ങളുമായി നിരന്തരം ബന്ധപ്പെടേണ്ടതും അവർക്ക് ആവശ്യമായിരിക്കുന്ന സഹായങ്ങൾ തങ്ങളാലാവത് മേഖലകളിൽ നൽകുവാൻ തക്കവണ്ണം പ്രത്യേകം ശ്രദ്ധിക്കണം. നിങ്ങളുടെ അറിവിൽ വരുന്ന, ഇടവകയോ ഭദ്രാസനമോ ശ്രദ്ധിക്കേണ്ടതായ**

കാര്യങ്ങൾ കണ്ടെത്തിയാൽ അവ അതാത് ഇടവക വികാരിയേയും ഭദ്രാസന സെക്രട്ടറിയേയും യഥാസമയം അറിയിക്കേണ്ടതാണ്.നാം വസിക്കുന്ന സമൂഹത്തിൽ കഴിയുന്ന നിർദ്ധനരായ കുടുംബങ്ങൾക്ക് അവരുടെ പട്ടിണി മാറുവാൻ ആവശ്യമായ സഹായങ്ങൾ നൽകേണ്ടതും നമ്മുടെ കടമയാണല്ലോ. നമ്മുടെ ഭൂരിപക്ഷം ദേവാലയങ്ങളും ഇക്കാര്യങ്ങളിൽ ഏറെ ശ്രദ്ധ പുലർത്തി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നറിയുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുകയും നിങ്ങളെ അഭിനന്ദിക്കുകയും ചെയ്യുന്നു.

പ്രിയരെ,

നമ്മുടെ ദേവാലയങ്ങളിൽ സാമ്പത്തികമായി ഏറെ പ്രതിസന്ധി അനുഭവിക്കുന്ന 300 കുടുംബങ്ങൾക്ക് ഭദ്രാസനത്തിൽ നിന്നും 5000/- രൂപ വീതം നൽകുവാൻ 2020 മെയ് മാസം 25-ാം തീയതി കൂടിയ ഭദ്രാസന കൗൺസിൽ യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി. അതോടൊപ്പം ഇന്ത്യയ്ക്കു വെളിയിലുള്ള നമ്മുടെ ബഹ്റൈൻ, ഖത്തർ എന്നീ ദേവാലയങ്ങളിൽനിന്നും ഏറെ ക്ലേശം അനുഭവിക്കുന്നവരും അവരുടെ നാടുകളിലേക്ക് പോകുവാൻ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ 100 അംഗങ്ങൾക്ക് (50 പേർ വീതം രണ്ടു ദേവാലയങ്ങളിൽ നിന്നും) അവരുടെ വിമാനയാത്രാ നിരക്കായ 16,000/- രൂപ വീതം നൽകുവാനും തീരുമാനം എടുത്തിരിക്കുന്നു. അതാത് ദേവാലയങ്ങളിലെ ബഹുമാനപ്പെട്ട വൈദികർ അവരവരുടെ ദേവാലയങ്ങളിൽ നിന്നുള്ള ഏറ്റവും അർഹരായവരുടെ പേരും ആവശ്യമായിരിക്കുന്ന മറ്റ് വിവരങ്ങളും എത്രയും വേഗം ഭദ്രാസന ഓഫീസിൽ അറിയിക്കേണ്ടതും ഭദ്രാസന കേന്ദ്രത്തിൽ നിന്ന് അതാത് ആളുകൾക്കുള്ള പണം അവരവരുടെ അക്കൗണ്ടിൽ നേരിട്ട് നിക്ഷേപിക്കുന്നതുമാണ്.

കഴിഞ്ഞ രണ്ടു മാസത്തിലധികമായി നമ്മുടെ ദേവാലയങ്ങളിൽ സമൂഹ ആരാധന ഇല്ലാത്തതിനാൽ പല ദേവാലയങ്ങളും അവരുടെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുവാൻ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. 2020 മെയ് മാസം മുതൽ ദേവാലയത്തിലെ സാമൂഹിക ആരാധന പുനഃസ്ഥാപിക്കുന്ന സമയം വരെ ദേവാലയങ്ങളിൽനിന്നും വൈദീകർക്കു എല്ലാ മാസവും നൽകുന്ന LTA-യുടെ 25% മാത്രം സ്വീകരിച്ചാൽ മതി എന്ന നമ്മുടെ ഭദ്രാസനത്തിലെ വൈദീകസംഘത്തിന്റെ ശുപാർശ നാം അംഗീകരിക്കുകയും ബഹുമാനപ്പെട്ട വൈദീകരുടെ സമയോജിതമായ ഈ തീരുമാനത്തിലുള്ള നമ്മുടെ സന്തോഷം പ്രത്യേകം അറിയിക്കുകയും ചെയ്യുന്നു. അതോടൊപ്പം എല്ലാ ദേവാലയങ്ങളിലും അവരുടെ മാസവരി നൽകുവാൻ സാധിക്കുന്ന എല്ലാവരും അവ മുൻകൂറായി നൽകിയും, മറ്റ് സംഭാവനകൾ നൽകിയും ദേവാലയങ്ങളുടെ ദൈനംദിന ചെലവുകൾ നിർവ്വഹിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്നും നാം നിങ്ങളെ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ഭൂരിപക്ഷം ദേവാലയങ്ങളിലും പുതിയ സാമ്പത്തിക വർഷത്തെ ഇടവക ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നതിനാൽ തിരഞ്ഞെടുപ്പ് നടന്ന ദേവാലയങ്ങളിൽ പുതിയ ഭാരവാഹികളെ ഉത്തരവാദിത്വം ഏൽപ്പിക്കുവാനും തിരഞ്ഞെടുപ്പ് നടക്കാത്ത ദേവാലയങ്ങളിൽ ഇടവക പൊതുയോഗം നടക്കുവാൻ അനുവാദം ലഭിക്കുന്ന കാലഘട്ടം വരെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഇടവക ഭാരവാഹികൾ തന്നെ തുടരുവാനും നാം നിർദ്ദേശിക്കുന്നു. അതോടൊപ്പം കോവിഡിൻെറ പ്രത്യേക പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട വൈദീകരുടെ സ്ഥലം മാറ്റം ഈ പരിതസ്ഥിതി മാറുന്നതുവരെ നാം നിർത്തിവച്ചിരിക്കുന്നു എന്നകാര്യവും നിങ്ങളെ അറിയിക്കുന്നു.

കർത്താവിൽ പ്രിയരെ,

സ്വർഗ്ഗാരോഹണ പെരുന്നാൾ മുതൽ പെന്തിക്കോസ്തി പെരുന്നാൾ വരെയുള്ള കാത്തിരിപ്പിൻെറ 10 ദിനങ്ങൾ 240 മണിക്കൂറും നമ്മുടെ ഭദ്രാസനത്തിലെ ബഹു. വൈദീകരുടെ നേതൃത്വത്തിൽ, ആദ്ധ്യാത്മീക സംഘടനകളുടെ സഹകരണത്തിൽ ധ്യാനയോഗങ്ങൾ ക്രമീകരിച്ചതിലും അത് അനുഗ്രഹപ്രദമായി പൂർത്തീകരിച്ചതിലും നമുക്കുള്ള സന്തോഷം ഏവരേയും പ്രത്യേകം അറിയിക്കുന്നു. ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് തിങ്കൾ മുതൽ വെള്ളി വരെ വൈകുന്നേരങ്ങളിൽ ഇപ്രകാരമുള്ള ധ്യാനങ്ങൾ തുടരുവാൻ ആഗ്രഹിക്കുന്നു. ഓരോ ദിവസങ്ങളിലേയും ധ്യാനങ്ങൾ ഓരോ ഇടവകയുടെ നേതൃത്വത്തിൽ നടത്തുവാൻ ബഹുമാനപ്പെട്ട വൈദീകർ മുൻ കൈ എടുക്കേണ്ടതാണ്. അതിൻെറ വിശദാംശങ്ങൾ ബന്ധപ്പെട്ട വൈദീകർ അറിയിക്കുമ്പോൾ നിങ്ങളോരോരുത്തരും നിങ്ങളുടെ പങ്കാളിത്വം ഉറപ്പാക്കണമെന്നും നാം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. ദേവാലയത്തിലെ പൊതുവായ ആരാധന ആരംഭിക്കുമ്പോൾ കുറെനാളുകൾ കൂടെ 65 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കും കുട്ടികൾക്കും സാമൂഹ്യആരാധനയിൽ പങ്കുകൊള്ളുവാൻ അനുവാദം ലഭിക്കാതിരിക്കുന്നതിൽ നിരാശപ്പെടാതെ നമ്മുടെ ഓരോരുത്തരുടേയും സമൂഹത്തിൻേറയും നന്മയ്ക്കുവേണ്ടിയാണു അത് എന്ന ബോദ്ധ്യത്തിൽ ഭവനങ്ങളിൽ ആയിരുന്ന് online-ൽ കൂടി ആരാധനയിൽ പങ്കെടുക്കുവാൻ മുതിർന്നവർക്കും കുട്ടികൾക്കും ഇടയാകണം എന്ന് സ്നേഹത്തോടെ അറിയിക്കുന്നു. ലോകത്തെ ഗ്രസിച്ചിരിക്കുന്ന ഈ മഹാമാരിയെ ചെറുത്തുതോൽപ്പിക്കുവാനുള്ള കരുത്തിനായി നമുക്ക് ദൈവത്തോട് അപേക്ഷിക്കാം.

ശേഷം പിന്നാലെ,

ദൈവത്തിൻെറ കൃപയും കരുണയും നിങ്ങളേവരോടും കൂടെ സദാ വർദ്ധിക്കുമാറാകട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ

+Geevarghese Coorilos

വാശി അരമന

06-06-2020

ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ